**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2630** **09.05.2017 ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുടെ വിലവർദ്ധനവ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ടി ബൽറാം<br>ശ്രീ. കെ.എസ് ശബരീനാഥൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തു പച്ചക്കറി വിലയിൽ 20 മുതൽ 50 ശതമാനം വരെ വിലവർദ്ധനവ് ഉണ്ടായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്തുമോ ; | (എ) കടുത്ത വേനലിൽ പച്ചക്കറി കൃഷിയും വിളവും കുറഞ്ഞതും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി വരവ് കുറഞ്ഞതും പച്ചക്കറി വിലയിൽ വിലവർദ്ധനവിന് കാരണമായിട്ടുണ്ട് |
| (ബി) സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കിയെന്ന് കണക്കുകളിലൂടെ കാണിക്കുമ്പോഴും പച്ചക്കറിയുടെ അത്ഭുതപൂർവ്വമായ വിലവർദ്ധനവിന്റെ കാരണമെന്താണ്; | (ബി) ഉൽപാദനവും ഉപഭോഗവും തമ്മിൽ കാര്യമായ അന്തരം ഉള്ളതുകൊണ്ടും, കടുത്ത വേനലിൽ ഉൽപാദനം ക്രമാതീതമായി കുറഞ്ഞതും വിലവർദ്ധനവിന് കാരണമായി |
| (സി) വിലവർദ്ധനവ് പിടിച്ചുനിർത്തി സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിച്ച് പൊതു വിപണിയേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓണക്കാലത്ത് കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെയും സംയുക്തമായി സംസ്ഥാനമൊട്ടാകെ 1350 ഓണവിപണികൾ സംഘടിപ്പിക്കുകയും പൊതു വിപണിയേക്കാൾ 30% കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ 1052 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ച് കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയേക്കാൾ 30% വിലക്കുറവിൽ നാടൻ ഉല്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ ജി.എ.പി ഉൽപന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**